**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ- ജനറൽ സർജറി വിഭാഗം കൺസൽട്ടന്റ് ആയ ഡോ. സഞ്ജിത്ത്.എം.എസ്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) No. 1530/2024 മേലുള്ള 29.11.2024 ലെ ഉത്തരവ്- അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

**Order dated 29.11.2024 of the Hon'ble Kerala Administrative Tribunal in OA (EKM) No. 1530/2024.**

**ഉത്തരവ് നം.ഇ.ബി2- 27572/2024/ആ.വ.ഡ, തീയതി : 05-12-2024**

വടകര ജില്ലാ ആശുപത്രിയിലെ ജനറൽ സർജറി വിഭാഗം കൺസൽട്ടന്റ് ആയ ഡോ.സഞ്ജിത്ത്.എം.എസ്, ടിയാന് കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ജനറൽ സർജറി വിഭാഗം കൺസൽട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നല്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM)No.1530/2024 ഫയൽ ചെയ്തിരുന്നു. ആയതിൽ പരാമർശം (1) പ്രകാരം ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന്റെ പ്രസ്തുത ട്രാൻസ്ഫർ ആവശ്യത്തിൽ രണ്ടാം എതിർ കക്ഷിയായ ആരോഗ്യ വകുപ്പ് ഡയറക്ടർ വിധിപ്പകർപ്പ് ലഭിച്ചു ഒരാഴ്ചക്കകം തീരുമാനമെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2. ഹർജിക്കാരന്റെ ആവശ്യം വിശദമായി പരിശോധിച്ചു. ടിയാൻ

കോഴിക്കോട് ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു വരവേ **2023** ലെ പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷ സമർപ്പിക്കുകയും, ടിയാൻ സമർപ്പിച്ച അപേക്ഷയിലെ ഒന്നാം ഓപ്ഷൻ ആയ വടകര ജില്ലാ ആശുപത്രിയിലേക്കു തന്നെ **9/6/2023**-ലെ **GO(Rt) No. 1382/2023/H&FWD** പ്രകാരം സർക്കാർ സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്തു. എന്നാൽ സ്ഥലം മാറ്റ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടും കോഴിക്കോട് ജനറൽ ആശുപത്രിയിൽ **15.01.2018** മുതൽ ജോലി ചെയ്ത് വരുന്ന ടിയാൻ സ്ഥലം മാറ്റം ചെയ്യപ്പെട്ട വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. പ്രസ്തുത വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കർശന നിർദ്ദേശം നൽകിയ ശേഷം **06.03.2024** ൽ മാത്രമാണ് ടിയാൻ വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചത്. ആയതിനാൽ ടിയാൻ വടകര ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിട്ട് വെറും **9** മാസം മാത്രമേ ആയിട്ടുള്ളൂ. സ.ഉ.(കൈ) നം.**9/2024/P&ARD** തീയതി **10-06-2024** പ്രകാരം ടൈപ്പ് വൺ പ്രമേഹ രോഗ ബാധിതരായ സർക്കാർ ജീവനക്കാർക്ക് ആണ് പൊതു സ്ഥലം മാറ്റത്തിൽ പ്രത്യേക മുൻഗണന നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. ഹർജിക്കാരന് ടൈപ്പ് **2** പ്രമേഹ രോഗമാണ് ഉള്ളത്. ആയത് വളരെ സാധാരണമായ രോഗമാണ്. തുടർച്ചയായി **6** വർഷത്തിലധികം കോഴിക്കോട് ജനറൽ ആശുപത്രിയിൽ ജോലി ചെയ്ത ഡോ. സഞ്ജിത്ത്.എം.എസ് -നെ പൊതു സ്ഥലം മാറ്റത്തിന് ശേഷം മാസങ്ങൾക്കകം തിരികെ അതേ സ്ഥാപനത്തിലേയ്ക്ക് തന്നെ സ്ഥലം മാറ്റുന്നത് അഭികാമ്യമല്ല. ആയതിനാൽ ഹർജിക്കാരനെ കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ജനറൽ സർജറി വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റണമെന്ന് ശുപാർശ ചെയ്തു സരക്കാരിന് കത്തയക്കേണ്ടതില്ലായെന്ന് കാണുന്നു. കോഴിക്കോട് ജനറൽ ആശുപത്രിയിൽ നിലവിലുള്ള ജനറൽ സർജറി വിഭാഗം കൺസൾട്ടന്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല. ആയത് നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**3.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA (EKM) No. 1530/2024** ന്മേലുള്ള **29.11.2024** ലെ ഉത്തരവ് മേൽപ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Reena K J
Date: 05-12-2024 11:58:05

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. സഞ്ജിത്ത്.എം.എസ്, കൺസൾട്ടന്റ്,

ജനറൽ സർജറി, ജില്ലാ ആശുപത്രി, വടകര

പകർപ്പ് : **1.** അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെൻറ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

**2** .അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

**3** .അക്കൗണ്ടന്റ് ജനറൽ (എ **&** ഇ ), കേരള, തിരുവനന്തപുരം

**4** ജില്ലാ മെഡിക്കൽ ഓഫീസർ

**5.**ബന്ധപ്പെട്ട സ്ഥാപന മേധാവി

**6.**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്